# ഭോപ്പാൽദുരന്തത്തിന് 18 വയസ്സ്
# കാമ്പയിൻപ്രവർത്തനങ്ങളുമായി ഗ്രീൻപീസ്



ഭോപ്പാൽ വാതകദുരന്തം സംഭവിച്ചിട്ട് ഡിസംബർ 3ന് 18 വർഷം തികയുന്നു.

1984 ൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് കമ്പനിയിൽ നിന്നും മീഥൈൽ ഐസോ സൈനേറ്റ് വാതകം ചോർന്ന് ആയിരക്കണക്കിനു ജീവിതങ്ങളാണ് പൊലിഞ്ഞുപോയത്.

ദുരന്തത്തിന്റെ ഭീകരത ഓർമ്മപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി സംഘടനയായ ഗ്രീൻപീസ് അന്താരാഷ്ട്രതലത്തിൽ കാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുന്നു. 'ആയിരക്കണക്കിന് ഭോപ്പാലുകൾ' (1000 Bhopals) എന്നു പേരിട്ട് സംഘടിപ്പിക്കുന്ന ആഗോളബസ്യാത്ര വ്യാവസായിക മലിനീകരണത്തിന്റെ അപകടം വെളിപ്പെടുത്തുന്നതായിരിക്കും. പരിസ്ഥിതിപ്രവർത്തകരെ വഹിച്ചുകൊണ്ടുള്ള ബസ് മലിനീകരണം രൂക്ഷമായ ആയിരം പ്രദേശങ്ങൾ സന്ദർശിച്ച് ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തും. ഇന്ത്യയിൽ ബാംഗ്ലൂർ മുതൽ ഭോപ്പാൽ വരെയും കൊൽക്കത്ത മുതൽ ഹൈദരാബാദ് വരെയും 23 ദിവസം നീണ്ടുനിൽക്കുന്ന 2 ബസ് യാത്രകളാണ് സംഘടിപ്പിക്കുന്നത്.

## കൊച്ചിയിൽ 21 മുതൽ 25 വരെ

ഗ്രീൻപീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബസ് യാത്ര നവംബർ 21 മുതൽ 25 വരെ കൊച്ചിയിൽ പര്യടനം നടത്തും. ഏലൂർ, എടയാർ എന്നീ പ്രദേശങ്ങൾ സന്ദർശിക്കുന്ന സംഘം മലിനീകരണ വിപത്തിനെതിരെ വിവിധ പ്രവർത്തനങ്ങൾ അവതരിപ്പിക്കും. ഗാന്ധിപ്രതിമയെ മുഖംമൂടി അണിയിക്കുക, പൊല്യൂഷൻ കൺട്രോൾ ബോർഡ് ഓഫീസിലേക്ക് കാലന്റെ പ്രതീകമായ പോത്തുളുമായി ജാഥ നടത്തുക തുടങ്ങിയ പ്രതീകാത്മക പ്രവർത്തനങ്ങളും സംഘടിപ്പിക്കും. ഏലൂർ മലിനീകരണവിരുദ്ധസമിതിയും പ്രവർത്തനങ്ങളിൽ സഹകരിക്കുന്നുണ്ട്. ഗ്രീൻപീസിന്റെ കപ്പലും കൊച്ചിയിൽ എത്തുന്നുണ്ട്.